പ്രദർശനത്തോട്ടങ്ങൾ നിർത്തലാക്കിയ നടപടി

7 [1930] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ബയോ ഫെർട്ടിലൈസേഴ്സിൽനിന്ന് ജൈവവള വാങ്ങി പ്രദർശനത്തോട്ടങ്ങൾ നടത്തുന്ന പരിപാടി നിർത്തിവെച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവവളം വിതരണം ചെയ്തതിൽ ചില അപാകതകൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതു സംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനാലാണ് വിതരണം താല്ക്കാലികമായി നിർത്തി വച്ചിരിക്കുന്നത്.

കാർഷിക യൂണിവേഴ്സിറ്റി ബഡ്ജറ്റ്

8 [1932] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97-ലെ കാർഷിക യൂണിവേഴ്സിറ്റിയുടെ ബഡ്ജറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചത് എന്നാണ്;

(ബി) സംസ്ഥാന സർക്കാർ 1996-97 സാമ്പത്തിക വർഷത്തിലേയ്ക്ക് കാർഷിക യൂണിവേഴ്സിറ്റിയ്ക്ക് എന്തു തുക നല്കിയിട്ടുണ്ട്;

(സി) ഇതിൽ മറ്റ് ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) 1996-97 വർഷത്തിൽ എന്തു തുക ചെലവ് കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക സർവകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മറ്റി 8-3-1996-ൽ 1996-97-ലേയ്ക്കുള്ള ബഡ്ജറ്റ് അംഗീകരിച്ചു.

(ബി) നല്കിയിട്ടില്ല. എന്നാൽ 1996-97-ൽ യൂണിവേഴ്സിറ്റിയ്ക്ക് പ്ലാൻ ഇനത്തിൽ ആയിരത്തി ഇരുനൂറ് ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ രണ്ടായിരത്തി അഞ്ഞൂറ്റി നാല്പത്തേഴ് ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. കാർഷിക സർവകലാശാലയ്ക്ക് 1996-97 സാമ്പത്തിക വർഷത്തിൽ ബാഹ്യ ഏജൻസികളിൽ നിന്നും ഉദ്ദേശം 697 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 1996-97 വർഷത്തിൽ ഉദ്ദേശം 7144 ലക്ഷം രൂപ ആകെ ചെലവ് വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly